LIBRARY ARCHIVES Kerala Legislative Assembly

മസ്റ്റർ, ലൈൻമാൻ, ഓവർസീയർ തസ്തികകളിലെ ഒഴിവുകൾ

2 (4584) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണംകുളം മണ്ഡലത്തിൽ വിവിധ മേജർ സെക്ഷനുകളിലായി മസ്റ്റർ, ലൈൻമാൻ, ഓവർസിയർ എന്നീ തസ്തികകളിൽ എത്ര ഒഴിവുകൾ നികത്തപ്പെടാനുണ്ട് ;

(ബി) പ്രസ്തുത തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിന് എന്ത നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) മസ്റ്റർ ഒഴിവില്ല

ലൈൻമാൻ 7 ഒഴിവ്

ഓവർസീയർ 9 ഒഴിവ്.

(ബി) പൊതുസ്ഥലംമാറ്റ നിയമനങ്ങൾവഴിയും പ്രൊമോഷനിലൂടെയും പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പുതിയ ജലവൈദ്യുത പദ്ധതി

3 (4585) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ ജലവൈദ്യുത പദ്ധതി ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ പദ്ധതികൾ എവിടെയൊക്കെ ആരംഭിക്കുന്നതിനാണെന്ന് വിശദമാക്കുമോ ;

(സി) ഇതിനായുള്ള പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണെന്ന് വിവരിക്കുമോ ;

(ഡി) നിലവിൽ ഏതെങ്കിലും ജലവൈദ്യുത പദ്ധതിയുടെ പണി നടക്കുന്നുണ്ടോ എങ്കിൽ എവിടെ ; ഏതുഘട്ടം വരെയായി ?

ഉത്തരം

(എ) ഉണ്ട്.

(ബി)

ക്രമ നമ്പർ	പദ്ധതി	സ്ഥാപിത ശേഷി	ജില്ല
1	ചിമ്മിനി	2.5 MW	തൃശ്ശൂർ
2	പെരുന്തേനരുവി	6MW	പത്തനംതിട്ട
3	വെള്ളത്തൂവൽ	3.6 MW	ഇടുക്കി
4	ആഢ്യൻപാറ	3.5 MW	മലപ്പുറം
5	പെരിങ്ങൽകുത്ത്	24MW	തൃശ്ശൂർ
6	ഞ്ഞാൻകെട്ട്	24MW	എറണാകുളം
	ആകെ	63.6MW	

(സി) മേൽപ്പറഞ്ഞ ആറ് പദ്ധതികളിൽ ചിമ്മിനി ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്തു. ആഢ്യൻപാറ പദ്ധതിയുടെ നിർമ്മാണം പൂർത്തിയായി. ബാക്കിയുള്ള നാല് പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു.

(ഡി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

വൈദ്യുതി ബോർഡ് ജീവനക്കാർ

4 (4586) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡിനെ സർക്കാർ ഇതര കമ്പനിയാക്കുന്നതിനുള്ള നീക്കങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ ഭാഗമായി ജീവനക്കാർക്ക് നൽകിയിരുന്ന സർക്കാർ കമ്പനി ആനുകൂല്യങ്ങൾ ഏതെങ്കിലും റദ്ദാക്കിയിട്ടുണ്ടോ ;

(ബി) കെ. എസ്. ഇ. ബി എന്ന പുതിയ കമ്പനിയിൽ പബ്ലിക് സർവ്വീസ് കമ്മിഷനെ മറികടന്ന് നിയമനങ്ങൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം തസ്തികകളിൽ എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly